# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ഏലിയാ സ്ലീവാ മൂശ ഏഴാം ഞായർ

2023
ഒക്ടോബർ 15




# ദൈവത്തിന്റെ അനീതിയും മനുഷ്യന്റെ പിറുപിറുപ്പും

നിയ 11: 1-9 (11:112), ഏശ 40:12-17, 2 കോറി 2:12-17 (1:232:17), മത്താ 20:1-16

ചെറുപ്പത്തിലെന്നും സങ്കടപ്പെട്ടിരുന്ന, പരാതി പറഞ്ഞിരുന്ന ഒരു കാര്യമുണ്ടായിരുന്നു, ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ ചേട്ടന്റെ പാത്രത്തിൽ കൂടുതൽ അളവ്. എനിക്കാണെങ്കിൽ വളരെ കുറച്ചും. മൂത്ത മകനാകയാൽ അമ്മയ്ക്ക് ചേട്ടനോട് സ്നേഹക്കൂടുതലുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നതെന്നായിരുന്നു സങ്കടം. കുറച്ചു കിട്ടിയതിനെക്കാൾ എന്നെ മാറ്റി നിർത്തിയിരിക്കുകയാണല്ലോയെന്നതായിരുന്നു ആ സങ്കടത്തിന്റെ യഥാർത്ഥ കാരണം. വേർതിരിവിന്റെ, തിരിച്ചുവ്യത്യാസത്തിന്റെ വേദനയായിരുന്നു അത്.

'അവൻ കഴിക്കുന്നത്ര നിനക്ക് കഴിക്കാൻ പറ്റില്ലെന്നും നിനക്ക് വേണമെങ്കിൽ ഇനിയും തരാമല്ലോ' എന്നുമുള്ള അമ്മയുടെ ന്യായവാദങ്ങളൊന്നും ചെവിപ്പോയില്ല. അത്രയും കിട്ടാതെ ഭക്ഷണം കഴിക്കില്ലെന്ന് ശാഠ്യം പിടിച്ച ഒരു ദിവസം ചേട്ടന് കൊടുത്ത അതേ അളവിൽ അമ്മയെനിക്കും വിളമ്പിത്തന്നു. സന്തോഷമായി. പക്ഷേ എന്തു ചെയ്യാം, എന്റെ വയറിന് പറ്റുന്നത്രയേ കഴിക്കാൻ സാധിച്ചുള്ളൂ. ബാക്കി മുഴുവൻ പാഴായിപ്പോയി.

'ഇപ്പം നിനക്ക് മനസ്സിലായോ നിനക്ക് എത്ര കഴിക്കാൻ പറ്റുമെന്ന്. മറ്റുള്ളവന്റെ പാത്രത്തിൽ നോക്കിക്കഴിക്കാതെ അവനവന്റെ പാത്രത്തിൽ നോക്കിക്കഴിക്കാൻ പഠിക്ക്.'

വർഷമെത്രയോ കടന്നുപോയി. വെറും സാധാരണക്കാരിയായ അമ്മ പ്രത്യേകമായ ഒരു അർത്ഥത്തിലല്ല പറഞ്ഞതെങ്കിൽ പോലും ആ പറഞ്ഞതിൽ എത്രയോ വലിയൊരു സത്യമാണ് അടങ്ങിയിരിക്കുന്നതെന്ന് ഇന്ന് മനസ്സിലാവുന്നുണ്ട്. അവനവന്റെ പാത്രത്തിൽ വിളമ്പിക്കിട്ടുന്നത് കഴിക്കുക എന്ന് ബോബിയച്ചൻ പറയുന്നതുപോലെയുള്ള ആത്മീയവിചാരം തന്നെയായിരുന്നു അമ്മ പറഞ്ഞു തന്നതും. അതോടൊപ്പം ടേബിൾ മാനേഴ്സിന്റെ പാഠവും.




വിനായക് നിർമ്മൽ

അതെ വിളമ്പിക്കിട്ടുന്നതെന്തോ അത് നമ്മുക്ക് പാകത്തിനുള്ളതായിരിക്കും. കഴിക്കാൻ കൊള്ളാത്തതോ കഴിക്കാനാവാത്തതോ വിളമ്പിക്കിട്ടു കയില്ല. മറ്റുള്ളവന്റെ പാത്രത്തിലേക്ക് നോക്കുന്നതുകൊണ്ടാണ് സ്വന്തം പാത്രത്തിൽ വിളമ്പിക്കിട്ടുന്നതിന്റെ രുചി അറിഞ്ഞ് ഭക്ഷിക്കാൻ കഴിയാത്തത്. അജീർണ്ണം പിടിപെടു ന്നത്. വിളമ്പുന്നവനറിയാമല്ലോ കഴിക്കുന്നവന്റെ ഉദരം.

## ഒരു ഓഫീസ് വിശേഷം

ചെയ്യുന്ന ജോലിക്ക് അനുസരിച്ചുള്ള അടിസ്ഥാനയോഗ്യതകൾ, മിനിമം വിദ്യാഭ്യാസയോഗ്യതകൾ പോലും വളരെ കുറച്ചു പേർക്കേ അവിടെയുണ്ടാ യിരുന്നുള്ളൂ. എന്നിട്ടും അത്യാവശ്യ യോഗ്യതകളുള്ളവരെക്കാൾ എന്നും കൂടുതൽ പദവിയും ശമ്പളവും ഇത്തരക്കാർക്കായിരുന്നു. എന്തു കൊണ്ടാണ് അങ്ങനെ സംഭവിക്കുന്ന തെന്ന ചോദ്യത്തിന് തുടക്കത്തിലൊ ന്നും ഉത്തരം കിട്ടിയിരുന്നില്ല. പക്ഷേ പിന്നീടെപ്പോഴോ ഇന്നത്തെ ബൈ ബിൾ വചനങ്ങളിലൂടെ കടന്നുപോ യപ്പോൾ ഒരു വെളിച്ചം അകത്തേക്ക് കടന്നുവന്നു.

ജോലിയിൽ പ്രവേശിക്കുന്ന നേരത്ത് മാനേജ്മെന്റും നീയും ധാരണ യിലെത്തിയിരുന്ന ശമ്പളത്തിൽ നിന്ന് ഒരു ചില്ലിപോലും നിനക്ക് കുറവുവരു ത്തിയിട്ടില്ലല്ലോ. പിന്നെയെന്തിനാണ് അവന് കൂടുതൽ കിട്ടിയതോർത്ത് നീ അസ്വസ്ഥപ്പെടുന്നത് ? അവന് കൂടുതൽ കിട്ടിയെന്നതുകൊണ്ട് നിനക്ക് കുറവുവന്നിട്ടുണ്ടോ? ആർക്ക് എത്ര കൊടുക്കണം എന്നത് മാനേജ്മെന്റിന്റെ തീരുമാനമാണ്. നിനക്ക് അത് ചോദ്യം ചെയ്യാൻ എന്തവകാശം?

ഇല്ല കർത്താവേ എനിക്കു പരാതിയില്ല, ചോദ്യം ചെയ്യലുമില്ല. ആർക്കുവേണ മെങ്കിലും ആരുവേണമെങ്കിലും കൊടുത്തോട്ടെ. എനിക്ക് ഒന്നിനും കുറവില്ലല്ലോ. അതു മതി.. ഹോ എന്തൊരാശ്വാസമായിരുന്നു അപ്പോൾ..

നിന്റെ കൈയിലുള്ളതുകൂടി കൊടുക്കാൻ പറയുന്നില്ല, പക്ഷേ നിനക്ക് കിട്ടുന്നതിൽ പരാതിപ്പെ ടാതിരിക്കാനെങ്കിലും സാധിക്കണം. കിട്ടിയതിൽ സന്തോഷിക്കാനും. പക്ഷേ നമ്മളിൽ എത്രപേർക്ക് കഴിയും അത്?

## ദൈവജനത്തിന്റെ പിറുപിറുപ്പുകൾ

കാലങ്ങളായി നാം എല്ലാവരും ചെയ്തുകൊണ്ടിരിക്കുന്നത് അതാണ്, ദൈവത്തിനെതിരെ പിറുപിറുത്തുകൊണ്ടിരിക്കുക. പുറപ്പാട് കാലത്ത് ഇസ്രായേൽ ജനത മോശയ് ക്കെതിരെ പിറുപിറുത്തതുപോലെ... നീ ഞങ്ങളെ ഈ മരുഭൂമിയിൽ കൊണ്ടുവന്നാക്കി പട്ടിണിക്കിട്ട് കൊല്ലാനാണോ നോക്കുന്നത്? അതായിരുന്നു മോശയ്ക്കെതിരെയുള്ള പിറുപിറുപ്പ്.

ഫറവോയുടെ അടിമത്തം സുഖകരമായി പോലും അവർക്ക് ആ സമയത്ത് തോന്നിയിരിക്കണം. നൊടിനേരത്തെ കഷ്ടതകൾ നേരിടുമ്പോൾ കഴിഞ്ഞുവന്ന കാലത്തെ കൊടിയപീഡനങ്ങളും വറുതികളും കഷ്ടമായിത്തന്നെ അവർക്ക് തോന്നുന്നില്ല. മാത്രവുമല്ല അതുതന്നെയായിരുന്നു ഭേദമെന്ന് അവർക്ക് തോന്നുകയും ചെയ്തേക്കാം. ദൈവത്തിനെതിരെ പിറുപിറുക്കാൻ നമുക്കെന്തു യോഗ്യതയെന്ന് നാം വിചാരിക്കുന്നതേയില്ല.

## ദൈവത്തിന്റെ അനീതി

ദൈവത്തിനെതിരെ പിറുപിറുക്കുന്നത് ദൈവം നമ്മോട് വ്യക്തിപരമായ എന്തെങ്കിലും അനീതി പ്രവർത്തിച്ചതുകൊണ്ടല്ല, ദൈവം അനീതി കാണിക്കുന്നുവെന്ന തോന്നലുകൊണ്ടുള്ള കുറ്റപ്പെടുത്തൽ വഴിയാണ്. ഒന്നുകൂടി കൃത്യമായി പറഞ്ഞാൽ, എനിക്ക് തന്നതിനെക്കാൾ ദൈവം നിനക്ക് കൂടുതൽ തന്നു. എനിക്ക് കുറച്ചുകിട്ടിയതല്ല, നിനക്ക് കൂടുതൽ കിട്ടി. അതാണ് എന്റെ പ്രശ് നം. മൂന്നാം മണിക്കൂറിലും ആറാം മണിക്കൂറിലും ഒമ്പതാം മണിക്കൂറിലും പതിനൊന്നാം മണിക്കൂറിലും വന്നവർക്ക് ഒരേ കൂലി നല്കിയതാണ് ദൈവത്തിന്റെ അനീതി. ഇതെങ്ങനെ സാധൂകരിക്കപ്പെടും? പക്ഷേ മറ്റൊരു ചിന്ത കൂടി ഇവിടെ ഉയരുന്നുണ്ട്. മൂന്നാം മണിക്കൂറിൽ ജോലിക്ക് ചേർന്നവനെക്കാളുമോ അവനൊപ്പമോ പണി ചെയ്തത് പതിനൊന്നാം മണിക്കൂറിൽ വന്നവനായ്ക്കൂടായ കയില്ലല്ലോ. അല്ലെങ്കിൽ അവനായിരിക്കും കൂടുതൽ ആത്മാർത്ഥമായി ജോലി ചെയ്തത്. ജോലി ചെയ്യാനെടുത്ത സമയത്തെക്കാൾ ജോലി ചെയ്ത വിധമാണ് പ്രധാനം.

കൂടുതൽ സമയം ജോലി ചെയ്ത പ്പോൾ അവസാനമണിക്കൂറിൽ വന്നവരെക്കാൾ കൂടുതൽ വേതനം തനിക്ക് കിട്ടുമെന്ന് പ്രതീക്ഷിച്ചത് സ്വാഭാവികം. പക്ഷേ അത് സംഭവിക്കാതെ വന്നത് മനസ്സിനെ നിരാശപ്പെടുത്തി. മനസ്സിന്റെ നിരാശയാണ് പിറുപിറുപ്പലായി മാറുന്നത്. ജോലിസ്ഥലങ്ങളിലും കുടുംബജീവിതത്തിലും വ്യക്തിബന്ധങ്ങളിലുമെല്ലാം പിറുപിറുപ്പുകൾ ഉയരുന്നത് മനസ്സിന്റെ നിരാശയിൽ നിന്നാണ്. അവർ പ്രതീക്ഷിക്കുന്നത് അവർക്ക് കിട്ടുന്നില്ല. പ്രതീക്ഷിക്കുന്നത് കിട്ടാൻ മാത്രം യോഗ്യത അവർക്കുണ്ടായിരുന്നു വോയെന്നത് മറ്റൊരു കാര്യം.

## അനീതി തന്നെയാണോ സാരമില്ല...

ജീവിതത്തിൽ ചിലപ്പോഴെങ്കിലും നാം അനീതിക്ക് ഇരയാകാറുണ്ടെന്നതും സത്യം. അതൊരിക്കലും ദൈവം ചെയ്യുന്ന അനീതിയല്ല. മനുഷ്യൻ അവന്റെ സ്വാർത്ഥതയിൽ നിന്ന് ചെയ്യുന്ന അനീതിയായിരിക്കും. മനുഷ്യൻ ചെയ്യുന്ന അനീതിയെ ദൈവം കോമ്പൻസേറ്റ് ചെയ്യുക തന്നെ ചെയ്യും. വ്യക്തിപരമായ ഒരു അനുഭവം പറയാം.

എഴുത്തുകൊണ്ട് മാത്രം റേഷൻ വാങ്ങുന്ന ആളാണ് ഞാൻ. അതുകൊണ്ടുതന്നെ മലയാളം അക്ഷരങ്ങൾ കൊണ്ട് കാട്ടിക്കൂട്ടുന്ന ഏതു ജോലിയും മറ്റുള്ളവർക്കായി ചെയ്തു കൊടുക്കുകയും ചെയ്യും. അങ്ങനെ വന്നതായിരുന്നു ആ വർക്ക്. അഞ്ഞൂറിനടുത്തു പേജുള്ള ഒരു വിവർത്തനഗ്രന്ഥം. ഭാഷ മെച്ചപ്പെടു ത്തണം. കുറച്ചുചെയ്തു കൊടുത്ത പ്പോൾ കക്ഷിക്ക് തൃപ്തിയായി. സ്വാഭാവികമായും അഡ്വാൻസ് ചോദിച്ചു. അവിടെയാണ് പ്രശ്നമായത്. അർഹതപ്പെട്ടതിലും വളരെ തുച്ഛമായ തുകയാണ് ഓഫർ ചെയ്തത്.

അത്രയും കൊണ്ട് തൃപ്തിപ്പെടാൻ മാത്രം ഉദാരനായിരുന്നില്ല ഞാൻ. ഫലമോ വർക്ക് മുന്നോട്ടുപോയില്ല. ചെയ്തതിന് കൂലി കൈപ്പറ്റിയുമില്ല. ഞാനാവശ്യപ്പെട്ടതുപോലെയുള്ള തുക തന്നാൽ അത് അനുഭവിക്കാൻ പറ്റില്ല എന്ന മട്ടിൽ നന്ദനം സിനിമയിൽ ജഗതിശ്രീകുമാറിന്റെ കുമ്പിടി ഓട്ടോക്കാരനോട് പെരുമാറുന്ന രീതിയാണ് ആ നക്കാപ്പിച്ച വേണ്ടെന്ന് വയ്ക്കാൻ മാത്രം എന്നെ അഹങ്കാരി യാക്കിയത്. നാളുകൾക്ക് ശേഷം മറ്റൊരു വർക്ക് വന്നു. അർഹതപ്പെട്ടതു കൃത്യമായി തന്നുവെന്ന് മാത്രമല്ല ചോദിച്ചതിന്റെ ഇരട്ടി തരുകയും ചെയ്തു. ഇത്രയും വേണ്ടതില്ല എന്ന് പറഞ്ഞപ്പോൾ കിട്ടിയ മറുപടി ഇതായിരുന്നു യൂ ഡിസേർവ് ഇറ്റ്. ഞങ്ങൾ ഇതുപോലെ വേറെ വർക്കു ചെയ്യിക്കുന്നതാണ്. അവർക്ക് കൊടുക്കുന്നതു തന്നെയേ വിനായകിനും തരുന്നുള്ളൂ. കൂടുതലുമില്ല കുറവുമില്ല.'

ഇതാണ് നീതി. ഒരിടത്ത് അന്യായം നേരിടുമ്പോൾ മറ്റൊരിടത്ത് നീതി തേടിവരുന്നു. ആരെങ്കിലും ഒരാൾ നിന്നോട് ചെയ്ത അനീതിയെ ദൈവം നീതി കൊണ്ട് നിന്റെ ജീവിതത്തിൽ പൂരിപ്പിച്ചുകൊള്ളും. നീ സത്യമാണ് ചെയ്തതെങ്കിൽ. അതുകൊണ്ട് അനുഭവിക്കേണ്ടിവരുന്ന അനീതിയുടെ പേരിൽ വിഷമിക്കാതിരിക്കുക. ദൈവം അത് നീതിയായി പരിണമിപ്പിച്ചുകൊള്ളും.

## അവസാന മണിക്കൂർ

അവസാനമണിക്കൂറിലെ മാജിക്കിലെന്നും വിശ്വസിക്കുന്ന ഒരുവനാണ് ഞാൻ. ഫുൾട്ടൻ ഷീൻ പറയുന്നതുപോലെ സ്വർഗ്ഗത്തി ലെത്തുമ്പോൾ പ്രതീക്ഷിക്കുന്ന പലരെയും കാണാനും കഴിയില്ല, പ്രതീക്ഷിക്കാത്ത പലരെയും കാണാനും കഴിയും എന്ന മട്ടിലുള്ള അത്ഭുതം. ഭൗമികജീവിതത്തിന്റെ തുടക്കം മുതൽക്കേ നല്ല ക്രിസ്ത്യാ നിയായി ജീവിച്ചവനൊപ്പം തന്നെ അവസാനമണിക്കൂറിൽ മാത്രം ദൈവസ്പർശം തിരിച്ചറിഞ്ഞവനും



ഒരേ വേതനം നല്കുന്ന അത്ഭുതം. അല്ലെങ്കിലും അവൻ അവന് ഇഷ്ടമുള്ള വരെ വിളിച്ചു ചേർത്തുനിർത്തിയെ ന്നാണല്ലോ പറയുന്നത്. അവന് എന്നെ ഇഷ്ടമാണെങ്കിൽ നിനക്കെന്ത്?

ദൈവമേ നിന്റെ നീതിയെ ചോദ്യം ചെയ്യാതിരിക്കാനുള്ള മനസ്സ് എനിക്ക് നല്കിയാലും. മറ്റുള്ളവർ എന്നെക്കാൾ നേടുമ്പോൾ- ഒരുപക്ഷേ അനർഹമായിട്ടാണെങ്കിൽ പോലും- അതോർത്ത് അസ്വസ്ഥതപെടാ തിരിക്കാൻ മാത്രം എന്റെ മനസ്സിന് വലുപ്പം നല്കണമേ. അധികം ശേഖരിച്ചവന് ഒന്നും മിച്ചമുണ്ടായിരു ന്നില്ല കുറച്ചുകിട്ടിയവന് ഒന്നിന്റെയും കുറവുണ്ടായിരുന്നില്ല എന്ന് പറയുന്നതുകണക്കെ ദൈവമാണ് തരുന്നതെങ്കിൽ കുറവിൽ പോലും നിറവുണ്ടായിരിക്കുമെന്ന വിചാരം എന്നെ ആശ്വസിപ്പിക്കട്ടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com